**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി അധ്യാപകരുടെ ശമ്പളവും സംവരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണത്തിലൂടെ നിയമിതരായവരിൽ ഇനിയും എത്ര അദ്ധ്യാപകർക്ക് ശമ്പളവും അംഗീകാരവും നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 303 (മുന്നൂറ്റി മൂന്ന്) |
| (ബി) | ഭിന്നശേഷി വിഭാഗത്തിൽ അദ്ധ്യാപകയോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | ഭിന്ന ശേഷി വിഭാഗത്തിൽ അദ്ധ്യാപക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (എ) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പി.എസ്.സി. നിയമനങ്ങളിൽ ഭിന്നശേഷി നിയമനങ്ങൾ ഉൾപ്പെടെ എല്ലാ നിയമനങ്ങളും ജില്ലാടിസ്ഥാനത്തിൽ നടക്കുമ്പോൾ എയ്ഡഡ് വിഭാഗത്തിൽ ഭിന്നശേഷി നിയമനം ജില്ലാതലത്തിൽ നടത്തേണ്ടതില്ല എന്ന തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമന നടപടികൾ ബന്ധപ്പെട്ട മാനേജ്മെന്റു കളാണ് നടപ്പിലാക്കുന്നത്. |
| (ഡി) | യോഗ്യരായ ഭിന്നശേഷി അദ്ധ്യാപകരുടെ അഭാവത്തിൽ പി.എസ്.സി മറ്റ് വിഭാഗത്തിൽ നിന്നും നിയമനങ്ങൾ നടത്തുന്നതുപോലെ എയ്ഡഡ് മേഖലയിലെ സമാന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നിർദ്ദേശമുണ്ടോ; വിശദമാക്കാമോ; | (ഡി) | RPWD Act 2016 വകുപ്പ് 34(2) പ്രകാരം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് 25/06/2022 ലെ സ.ഉ.(കൈ)നം.111/2022/ പൊ.വി.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഭിന്നശേഷി നിയമനത്തിനായി എയ്ഡഡ് സ്കൂളുകളിൽ ബാക്ക്‌ലോഗ് കണക്കാക്കി റോസ്റ്റർ തയ്യാറാക്കുവാനും സർക്കാർ സ്കൂളിൽ പ്രസ്തുത നിയമനത്തിനുള്ള ഒഴിവ് കണ്ടെത്താൻ ജില്ലാടിസ്ഥാനത്തിൽ റോസ്റ്റർ തയ്യാറാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; സർക്കാർ സ്കൂളുകളിൽ ജില്ലാ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം പാലിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ; | (ഇ) | മാനേജ് മെന്റ് അടിസ്ഥാനത്തിൽ റോസ്റ്റർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും നടപടി പുരോഗമിച്ച് വരുന്നതുമാണ്. സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേന ഭിന്നശേഷി സംവരണം പാലിച്ചാണ് നിയമനങ്ങൾ നടത്തുന്നത്. |
| (എഫ്) | 2018 മുതൽ ശമ്പളം ലഭിക്കാതെ ജോലിയിൽ | (എഫ്) | സ.ഉ.(കൈ)നം.29/2023/പൊ.വി.വ തീയതി: 24- |

| | | | |
|---|---|---|---|
| | തുടരുന്ന മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരവും ശമ്പളവും നൽകാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | 03-2023 സർക്കാർ ഉത്തരവ് പ്രകാരവും ഇതോടനുബന്ധിച്ചുള്ള അനുബന്ധ ഉത്തരവുകൾ പ്രകാരവും ഭിന്നശേഷി സംവരണം സംബന്ധിച്ച റോസ്റ്റർ, റിക്വിസിഷൻ എന്നിവ സമർപ്പിച്ച മാനേജ് മെന്റുകളിലെ 18-11-2018 മുതൽ 08-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ താൽക്കാലികമായി ശമ്പള സ്കെയിലിലും 08-11-2021 ന്റെ ശേഷം ഉണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലും അംഗീകരിച്ചു നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (എ)**

| ജില്ല | ഭിന്നശേഷി വിഭാഗത്തിൽ അധ്യാപക യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 324 |
| കൊല്ലം | 156 |
| പത്തനംതിട്ട | 42 |
| ആലപ്പുഴ | 66 |
| കോട്ടയം | 132 |
| ഇടുക്കി | 90 |
| എറണാകുളം | 169 |
| തൃശ്ശൂർ | 185 |
| പാലക്കാട് | 140 |
| മലപ്പുറം | 398 |
| കോഴിക്കോട് | 232 |
| വയനാട് | 42 |
| കണ്ണൂർ | 233 |
| കാസർഗോഡ് | 88 |
| **ആകെ** | **2297** |

**സെക്ഷൻ ഓഫീസർ**